# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4526

28/06/2013-ൽ മറുപടിയ്ക്ക്

### ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| എ) പുതുതായി എത്ര ബ്ലോക്ക് പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) പരപ്പ (കാസർഗോഡ്), കാറഡുക്ക (കാസർഗോഡ്), കല്യാശ്ശേരി (കണ്ണൂർ), പാനൂർ (കണ്ണൂർ), പനമരം (വയനാട്), കാളികാവ് (മലപ്പുറം) എന്നിവയാണ് പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾ. |
| ബി) പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | ബി) & സി) പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റ് വിഹിതമായ 2 കോടി രൂപയുള്ള ഭരണാനുമതി 28.05.2012-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം.1456/2012/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയാൽ ഉടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ